ദേശാഭിമാനി
04 April 2018

# ഡോ. ശ്യാം എസ് സലീം ഐഐഎഫ്ഇടി എക്സിക്യൂട്ടീവ് അംഗം

**കൊച്ചി** > സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റായ ഡോ .ശ്യാം എസ് സലീമിനെ യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഫിഷറീസ് സാമ്പത്തിക വ്യാപാര സംഘടനയുടെ ഐഐഎഫ്ഇടി റെഗുലർ എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുത്തു. ഫിഷറീസ് മാനേജ്മെന്റ്, മത്സ്യ വ്യാപാരം, മത്സ്യകൃഷി എന്നിവയുടെ സാമ്പത്തികകാര്യ ഗവേഷണങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള അന്താരാഷ്ട്ര സംഘടനയാണ് അമേരിക്കയിലെ ഒറിഗോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐഐഎഫ്ഇടി. 65ലധികം രാജ്യങ്ങളിൽനിന്നായി 700 അംഗങ്ങളാണ് സംഘടനയിലുള്ളത്. സമുദ്രമത്സ്യ സാമ്പത്തികകാര്യം, മത്സ്യവിപണനം, ഉപഭോഗം, കാലാവസ്ഥാ വ്യതിയാനം, തീരദേശ ഗ്രാമവികസനം, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങളുടെ അംഗീകാരമായാണ് ഡോ. ശ്യാം എസ് സലീമിനെ സംഘടനയുടെ റെഗുലർ എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുത്തത്.



▸ ഡോ. ശ്യാം എസ് സലീം